"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് മലപ്പുറം ജില്ലാ കളക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ കൃഷ്ണകുമാർ എസ്-നെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.877/2023/LSGD തീയതി, തിരുവനന്തപുരം, 13-04-2023

---

പരാമർശം:-

1. ലാന്റ് റവന്യൂ കമ്മീഷണറുടെ 09.03.2023-ലെ എൽ.ആർ/2959/2023-എൽ.ആർ(എൻ3) നമ്പർ കത്ത്.
2. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 15.03.2023-ലെ എ1/22/2021-എസ്.ഇ.സി നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് മലപ്പുറം ജില്ലാ കളക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ കൃഷ്ണകുമാർ എസ്-നെ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം ( 2 ) പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ശ്രീ കൃഷ്ണകുമാർ എസ്-ന്റെ സേവനം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറുടെ കാര്യാലയത്തിന് നൽകുന്നതിന് റവന്യൂ വകുപ്പിന് ആക്ഷേപമില്ലെന്ന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് മലപ്പുറം ജില്ലാ കളക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ കൃഷ്ണകുമാർ എസ്-നെ അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ കൃഷ്ണകുമാർ എസ്, ഓഫീസ് അറ്റൻഡന്റ്, ജില്ലാ കളക്ടറേറ്റ്, മലപ്പുറം. (ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം)

ജില്ലാ കളക്ടർ, മലപ്പുറം (ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

റവന്യൂ വകുപ്പ്.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 13-04-2023 16:15:25

സെക്ഷൻ ഓഫീസർ